©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2025 ഡിസംബർ 19<br>19th December 2025<br>1201 ധനു 4<br>4th Dhanu 1201<br>1947 അഗ്രഹായനം 28<br>28th Agrahayana 1947 | നമ്പർ<br>No. 4287 |

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം

വിജ്ഞാപനം

നമ്പർ LR/1589/2025-LR (E2). *2025 ഡിസംബർ 2.*

2025-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡി.പി.സി. (ലോവർ) വാർഷിക യോഗം 1-1-2025-ൽ ചേർന്ന് പ്രസ്തുത സെലക്ട് ലിസ്റ്റ് തയ്യാറാക്കി ആയത് 14-2-2024-ലെ 105-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചു. ആയതിനുശേഷം തുടർന്ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) മുമ്പാകെ വിവിധ ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി 22-9-2025-ന് ഡി.പി.സി. (ലോവർ) റിവ്യൂ യോഗം ചേർന്ന് ആയതിന്റെ തീരുമാനം 3-10-2025-ലെ 3505-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശ്രീ. ബാബു എം., തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ക്രമവൽക്കരണം 10-11-2025-ലെ REV-C1/214/2025-REV സർക്കാർ കത്തിന്റെയും, ശ്രീ. ഹാരിസ് ഇബ്രാഹിം ഫയൽ ചെയ്ത OA 1834/2025-ലെ 29-10-2025-ലെ ഉത്തരവിന്റെയും 10-11-2025-ലെ REV-C2/168/2025-REV സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും, ശ്രീ. പ്രദീപ് കുമാർ പി. ഫയൽ ചെയ്ത OA(EKM) 153/2025-ലെ 14-10-2025-ലെ ഉത്തരവിന്റെയും 6-11-2025-ലെ DB2/15/2025-REV നമ്പർ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും, 3-10-2025-ലെ 3505 നമ്പർ ആയി പ്രസിദ്ധീകരിച്ച ഡി.പി.സി. (ലോവർ-അഡ്ഹോക്ക്) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയതിനെതിരെ ശ്രീ. റേനാകുമാർ കെ. ജി. സമർപ്പിച്ച പുനഃപരിശോധനാ അപേക്ഷയിന്മേലും തീരുമാനമെടുക്കുക എന്നീ വിഷയങ്ങൾ 29-11-2025-ലെ യോഗം പരിഗണിച്ചു.

(1) 8-1-2018-ലെ 31 നമ്പർ ആയി പ്രസിദ്ധീകരിച്ച ഡി.പി.സി. (ലോവർ) ലിസ്റ്റിൽ പ്രൊവിഷണലായി ഉൾപ്പെടുത്തി തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ശ്രീ. ബാബു എം.-ന്റെ ക്രമവൽക്കരണം 10-11-2025-ലെ REV-C1/214/2025-REV സർക്കാർ കത്ത് പ്രകാരം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുക എന്ന വിഷയം ചർച്ച ചെയ്തെടുത്ത തീരുമാനം ചുവടെ ചേർക്കുന്നു:

ശ്രീ. എം. ബാബു ഹയർ സർവ്വെ ടെസ്റ്റ് 2016-ലും ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് 2014-ലും പാസ്സാകുകയും 2-2-2016-ൽ ഡി.റ്റി./ജെ.എസ്. തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതുമാണ്. 27-12-2017-ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ പ്രൊവിഷണലായി 2018-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ-1 ആയി ഉൾപ്പെടുത്തിയിരുന്നതും 21-2-2018-ന് തഹസിൽദാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്.

ഇടതുപക്ഷ സംഘടനകൾ 8-1-2013 തീയതി മുതൽ സംസ്ഥാന വ്യാപകമായി നടത്തി വന്നിരുന്ന അനിശ്ചിതകാല പണിമുടക്കിൽ ശ്രീ. സന്തോഷ് കുമാർ എന്ന ജീവനക്കാരൻ പങ്കെടുക്കാത്തതിലുള്ള വിരോധത്താൽ ടിയാൻ 11-1-2013-ൽ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് മുൻ ഉടുമ്പഞ്ചോല ഡെപ്യൂട്ടി തഹസിൽദാരായിരുന്ന ശ്രീ. എം. ബാബുവിനെതിരെ പീരുമേട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 56/13 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ 14-2-2013 തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇടുക്കി ജില്ലാ കളക്ടറുടെ എസ്.എസ്.2/6455/2013 നമ്പർ നടപടിക്രമം പ്രകാരം ശ്രീ. എം. ബാബുവിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുള്ളതും തുടർന്ന് ഗവൺമെന്റ് സെക്രട്ടറി, പൊതുഭരണ (എസ്.എസ്.) വകുപ്പ്, തിരുവനന്തപുരത്തിന്റെ 1506/2013-ലെ 44396/എസ്.എസ്1/13/പൊ.ഭ.വ. കത്ത് പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് 6-7-2013 തീയതിയിലെ എസ്.എസ്.2/6455/2013 നമ്പർ നടപടിക്രമം പ്രകാരം ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നതുമാണ്. ശ്രീ. എം. ബാബുവിനെതിരെ പീരുമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 56/2013 നമ്പർ കേസിൽ കുറ്റപത്രം ബഹു. കട്ടപ്പന സെഷൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും, ആയത് എസ്.സി. 170/2015 നമ്പരായി വിചാരണയിലുമാണ്.

സർക്കാർ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ശ്രീ. എം. ബാബുവിന് എതിരെ പീരുമേട് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 118, 120(ബി), 143, 147, 148, 149, 294 (ബി), 323, 341 വകുപ്പുകൾ പ്രകാരം പീരുമേട് പോലീസ് സ്റ്റേഷനിൽ 56/13 നമ്പരായി ക്രൈം കേസ് നിലവിലുള്ളതും ടി കേസ് ബഹുമാനപ്പെട്ട കട്ടപ്പന സെഷൻസ് കോടതി മുഖേന സെഷൻസ് കേസ് 170/2015 നമ്പരായി വിചാരണ നടപടിയിലിരിക്കെ ബഹു. ഹൈക്കോടതിയുടെ 10-8-2017-ലെ സി.ആർ.എം.പി.-4257/2017 (ആർ.പി.-949/2017) നമ്പർ ഉത്തരവുപ്രകാരം കീഴ്കോടതി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ് (ഇടുക്കി ജില്ലാ കളക്ടറുടെ ഫയൽ നമ്പർ എസ്.എസ്. 2-15550/2015, സർക്കാർ ഫയൽ നമ്പർ എസ്.എസ്.1-44396/13/പൊ.ഭ.വ.) എന്നത് പരിഗണിച്ച് ടിയാന് പ്രൊവിഷണൽ ആയി അനുവദിച്ച സ്ഥാനക്കയറ്റം പുനഃപരിശോധിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ തൽസ്ഥിതി തുടരാൻ 6-2-2024-ലെ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ മുൻ സാഹചര്യത്തിൽ മാറ്റമില്ലാത്തതിനാൽ തൽസ്ഥിതി തുടരാൻ 2025-ലെ വാർഷിക ഡി.പി.സി. (ലോവർ) യോഗവും തീരുമാനിച്ചിട്ടുള്ളതാണ്.

ശ്രീ. എം. ബാബുവിനെതിരെ വിചാരണയിലിരിക്കുന്ന സെഷൻസ് കേസ് നിലവിൽ തീർപ്പാക്കിയിട്ടില്ലാത്ത [ബഹു. ഹൈക്കോടതിയുടെ 10-8-2017-ലെ സി.ആർ.എം.പി.-4257/2017 (ആർ.പി.-949/2017) നമ്പർ ഉത്തരവു പ്രകാരം വിചാരണ കോടതി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്] സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരനെ Note (i) to Rule 28 (b)(i)(7)Part II of KS&SSR പ്രകാരം ടി ജീവനക്കാരന്റെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ചതിൽ നിന്നും ശ്രീ. എം. ബാബുവിനെ പ്രൊവിഷണൽ ആയി ഉൾപ്പെടുത്തിയ നടപടി തുടരുന്നതിന് യോഗം തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) 3-10-2025-ലെ 3505 നമ്പർ ആയി പ്രസിദ്ധീകരിച്ച ഡി. പി. സി. (ലോവർ-അഡ്ഹോക്ക്) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയതിനെതിരെ ശ്രീ. ഹാരിസ് ഇബ്രാഹിം (ഡി.റ്റി./ജെ.എസ്. റാങ്ക് നമ്പർ 5670) ഫയൽ ചെയ്ത OA 1834/2025-ലെ 29-10-2025-ലെ ഉത്തരവിന്റെയും, 10-1-2025-ലെ REV-C2/168/2025-REV സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും, ടിയാൻ സമർപ്പിച്ച പുനഃപരിശോധനാ അപേക്ഷയിന്മേലും യോഗം ചർച്ചചെയ്ത് എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു:

ശ്രീ. ഹാരിസ് ഇബ്രാഹിം (ഡി.റ്റി./ജെ.എസ്. റാങ്ക് നമ്പർ 5670)-നെ 2025-ലെ വാർഷിക ഡി.പി.സി. (ലോവർ)-ന്റെ സമയത്ത് സി.ആർ. സമർപ്പിക്കാത്തതിനാൽ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ വിജയിക്കേണ്ട നിർബന്ധിത വകുപ്പുതല പരീക്ഷ (ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ) സമയബന്ധിതമായി വിജയിക്കാത്തതിനാൽ 23-1-2025-ലെ സ.ഉ. (സാധാ.) നമ്പർ 190/2025/റവ. പ്രകാരം കെ.എസ്.& എസ്.എസ്.ആർ.പാർട്ട്-II ചട്ടം 20 പ്രകാരവും കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ഡെപ്യൂട്ടി തഹസിൽദാർ) സ്പെഷ്യൽ റൂൾസിലെ റൂൾ 10 പ്രകാരവും ടി തസ്തികയിലെ നിരീക്ഷണകാലം 6-2-2025 തീയതിയിൽ മാത്രമാണ് പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. 16-8-2025 തീയതിയിലെ ഇടുക്കി ജില്ലാ കളക്ടറുടെ DCIDK/4723/2025-SS2 നമ്പർ കത്ത് പ്രകാരം ആണ് ടിയാൻ സി. ആർ. സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. ഹാരിസ് ഇബ്രാഹിം-ന് എതിരെയുള്ള അച്ചടക്ക നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

LR/7501/2021-LR (D6)

കുമളി കാർഡമം സെറ്റിൽമെന്റ് ഓഫീസിൽ ശ്രീ. ഹാരിസ് ഇബ്രാഹിം ഡെപ്യൂട്ടി തഹസിൽദാർ ആയി ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ സി.എച്ച്.ആർ. മേഖലയിൽ അനധികൃതമായി ഭൂമി കൈവശപ്പെടുത്തി ഏലം കൃഷി ചെയ്തിരുന്ന കൈവശക്കാരനെതിരെ എൽ.സി. നടപടികൾ സ്വീകരിക്കുകയും ഫൈൻ അടപ്പിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞ് തീർപ്പാക്കി 24-8-2020-ന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിനെതിരായി ടിയാൻ ഈ കാര്യാലയത്തിൽ 1-12-2021-ൽ അപ്പീൽ സമർപ്പിച്ചിരുന്നതാണെന്നും 31-10-2021-ലെ DCIDK/3740/2020/SS2 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയതിനെതിരെ ടിയാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിച്ച അപ്പിൽ അപേക്ഷ 19-12-2022-ലെ LR/7501/2021-LR (D6) നമ്പർ നടപടിക്രമ പ്രകാരം 1960-ലെ KCS (CC&A)ചട്ടങ്ങളിലെ, ചട്ടം 15(12)-ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പൂർണമായും പാലിച്ച് ടി കേസ് തീർപ്പ് കൽപ്പിക്കുന്നതിനായി അച്ചടക്ക അധികാരിയായ ജില്ലാ കളക്ടർക്ക് റിമാൻഡ് ചെയ്തു കൊണ്ട് ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ഇടുക്കി ജില്ലാ കളക്ടർ 27-2-2024-ലെ DCIDK/3740/2020-SS2 നമ്പർ നടപടിക്രമപ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയാൻ കൈക്കൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ശ്രീ. ഹാരിസ് ഇബ്രാഹിം-ന് എതിരെ DCIDK/3740/2020-SS2 ആയി ആരംഭിച്ച വകുപ്പുതല നടപടിയിൽ ഇടുക്കി ജില്ലാ കളക്ടർ 27-2-2024-ലെ DCIDK/3740/2020-SS2 നമ്പർ നടപടിക്രമപ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുള്ളതിൽ ടിയാൻ നിലവിൽ കറൻസി പിരീഡിൽ ആയതിനാൽ ശ്രീ. ഹാരിസ് ഇബ്രാഹിം-ന്റെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ച ശേഷം, ടിയാനെ 2025-ലെ സെലക്ട് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയ മുൻ തീരുമാനം തുടരാൻ തീരുമാനിച്ചു. ഇപ്രകാരം ശ്രീ. ഹാരിസ് ഇബ്രാഹിം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1834/2025-ലെ 29-10-2025-ലെ ഉത്തരവ് നടപ്പിൽവരുത്തിയിട്ടുള്ളതാണ്.

(3) ശ്രീ. പ്രദീപ് കുമാർ പി. ഫയൽ ചെയ്ത OA(EKM) 153/2025-ലെ 14-10-2025-ലെ ഉത്തരവിന്റെയും, 6-11-2025-ലെ DB2/15/2025-REV നമ്പർ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും ടിയാനെ സൂപ്പർസീഡ് ചെയ്തനടപടി പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്ത് എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു:

ശ്രീ. പ്രദീപ് കുമാർ പി. (ഡി.റ്റി./ജെ.എസ്. റാങ്ക് നമ്പർ 5896)-നെ 2025-ലെ വാർഷിക ഡി.പി.സി. (ലോവർ)-ന്റെ സമയത്ത് അച്ചടക്ക നടപടിയുള്ളതിനാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടിയാൻ ഫയൽ ചെയ്ത OA(EKM) 153/2025 കേസിലെ 14-10-2025 ഉത്തരവിൽ ടിയാന് എതിരെയുള്ള അച്ചടക്കനടപടി സെൻഷർ നൽകി തീർപ്പാക്കിയിട്ടുള്ളതിനാൽ KS & SSR-ലെ note (ii) rule 28(b)(i)(7) പ്രകാരം കോടതി ഉത്തരവ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം എടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ പ്രവർത്തി അവലോകനം ചെയ്യുന്നതിനുവേണ്ടി ജില്ല കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി അറിയിച്ചിട്ടും പങ്കെടുക്കാത്തതിനാൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിൻഫ്ര കാര്യാലയത്തിലെ വാല്യുവേഷൻ അസിസ്റ്റന്റായ ശ്രീ. പ്രദീപ് കുമാർ പി.-ക്കെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ 18-11-2023 തീയതിയിലെ LR/10849/2023-LR(D7) നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം പുറപ്പെടുവിച്ച് അച്ചടക്കനടപടി ആരംഭിച്ചിരുന്നതും, ടി അച്ചടക്ക നടപടി 3-9-2025-ലെ ഉത്തരവ് പ്രകാരം സെൻഷർ നൽകി തീർപ്പാക്കിയിട്ടുള്ളതായും കാണുന്നു.

2025-ലെ വാർഷിക ഡി.പി.സി. (ലോവർ)-ന്റെ സമയത്ത് സി. ആർ. ക്ഷണിച്ചിരുന്നപ്പോൾ ടിയാൻ 2021, 2022 വർഷങ്ങളിലെ സി. ആർ. മാത്രമാണ് സമർപ്പിച്ചിട്ടുള്ളതും 2023 വർഷത്തിലെ സി.ആർ. സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി വിവരം ഫീൽഡ് ഓഫ് ചോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ടിയാൻ 2025-ലെ വാർഷിക ഡി.പി.സി. (ലോവർ)-ന്റെ സമയത്ത് 2023-ലെ സി.ആർ. സമർപ്പിച്ചിട്ടില്ലാത്തതിനാലും, കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം പുറപ്പെടുവിച്ചുകൊണ്ട് അച്ചടക്കനടപടി തുടരുന്നതിനാൽ 2025-ലേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. 3-9-2025-ലെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയതിനെ തുടർന്ന് ബഹു. ട്രിബ്യൂണലിന്റെ OA(EKM) 153/2025-ലെ 14-10-2025-ലെ ഉത്തരവ് ലഭിച്ചശേഷം ഡി.പി.സി. (ലോവർ) യോഗത്തിൽ പരിഗണിക്കുന്നതിലേക്കായി 2023-ലേതുൾപ്പെടെയുള്ള സി. ആർ. 20-11-2025-ന് മുൻപായി സമർപ്പിക്കുന്നതിന് ടിയാന് രേഖാമൂലം നോട്ടീസ് നൽകിയിട്ടും ആയത് സമർപ്പിച്ചിട്ടില്ലാത്തതാകുന്നു.

ശ്രീ. പ്രദീപ് കുമാർ പി.-ക്കെതിരെ ഉണ്ടായിരുന്ന അച്ചടക്ക നടപടി സെൻഷർ നൽകി തീർപ്പാക്കിയിട്ടുള്ളതാണെങ്കിലും പാർട്ട് II of KS&SSR റൂൾ 28(b)(I)(4) പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വകുപ്പുതല സ്ഥാനക്കയറ്റ സമിതിക്ക് മുൻപാകെ കുറഞ്ഞത് തൊട്ടുമുൻപുള്ള മൂന്ന് വർഷത്തെ വാർഷിക സി. ആർ. പരിഗണിക്കണം എന്നിരിക്കെ 2023, 2024 എന്നീ വർഷങ്ങളിലെ സി. ആർ. സമർപ്പിക്കാൻ ശ്രീ. പ്രദീപ് കുമാർ പി.-ക്ക് നോട്ടീസ് നൽകിയിട്ടും ആയത് സമർപ്പിക്കാത്തതിനാൽ ടിയാനെ സൂപ്പർസീഡ് ചെയ്യാൻ യോഗം തീരുമാനിച്ചു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 153/2025-ലെ 14-10-2025-ലെ ഉത്തരവ് പാലിച്ചിട്ടുള്ളതാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) 3-10-2025-ലെ 3505 നമ്പർ ആയി പ്രസിദ്ധീകരിച്ച ഡി. പി. സി. (ലോവർ-അഡ്ഹോക്ക്) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയതിനെതിരെ ശ്രീ. റേനാകുമാർ കെ. ജി. (ഡി.റ്റി./ജെ.എസ്. റാങ്ക് നമ്പർ 6253) സമർപ്പിച്ച പുനഃപരിശോധനാ അപേക്ഷയിന്മേൽ തീരുമാനമെടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്ത് എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു:

3-10-2025-ലെ 3505 നമ്പർ ആയി പ്രസീദ്ധികരിച്ച ഡി. പി. സി. (ലോവർ-അഡ്ഹോക്ക്) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയതിനെതിരെ ശ്രീ. റേനാകുമാർ കെ. ജി. സമർപ്പിച്ച അപേക്ഷയിൽ ടിയാനെതിരെ ഉണ്ടായിരുന്ന അച്ചടക്കനടപടി വയനാട് ജില്ലാ കളക്ടറുടെ 9-7-2024-ലെ DCWYD/3398/2021-S1(1) നമ്പർ ഉത്തരവ് പ്രകാരം 1960 കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)(VA) പ്രകാരമാണ് ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി ഒരു വർഷത്തേക്ക് തടഞ്ഞുവച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ് എന്നും ആയതിനാൽ കറൻസി പിരീഡ് 8-7-2025-ൽ അവസാനിച്ചിട്ടുള്ളതിനാൽ 22-9-2025-ൽ ചേർന്ന അഡ്ഹോക്ക് യോഗത്തിൽ ആയത് പരിഗണിക്കാതെ സെലക്റ്റ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്. 15-10-2025-ലെ LR/1265/2021-LR(D2)-Part (1) അനൗദ്യോഗിക കുറിപ്പ് പ്രകാരം ശ്രീ. റേനാകുമാർ കെ. ജി. ടിയാന്റെ അച്ചടക്കനടപടി വയനാട് ജില്ലാ കളക്ടറുടെ 9-7-2024-ലെ DCWYD/3398/2021-S1(1) നമ്പർ ഉത്തരവ് പ്രകാരം 1960 കേരള സിവിൽ സർവ്വീസസ്സ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)(VA) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി ഒരു വർഷത്തേക്ക് തടഞ്ഞുവച്ചുകൊണ്ട് തീർപ്പാക്കിയത് 9-7-2024 തീയതിയിൽ ആണെന്നും ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച ഉത്തരവ് ആണ് 6-2-2025-ൽ പുറപ്പെടുവിച്ചിട്ടുള്ളതെന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇപ്രകാരം 9-7-2024 തീയതിയിൽ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതിനാൽ 8-7-2025 തീയതിയിൽ ടിയാന്റെ കറൻസി പീരിയഡ് അവസാനിപ്പിച്ചിട്ടുള്ളതിനാൽ പാർട്ട് II of KS&SSR റൂൾ 28(b)(I)(4) പ്രകാരം ടിയാൻ സി. ആർ. സമർപ്പിച്ച 28-7-2025 തീയതിക്ക് ശേഷം മാത്രമേ ടിയാൻ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള യോഗ്യതയുള്ളതായി കണക്കാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ 2025-ലെ വാർഷിക ഡി. പി. സി. സെലക്റ്റ് ലിസ്റ്റിൽ നിന്നും 28-7-2025 തീയതിക്ക് മുൻപായി സ്ഥാനക്കയറ്റം നൽകിയ അവസാനത്തെ ജീവനക്കാരന്റെ തൊട്ടുതാഴെയായി 120 എ  എന്ന സ്ഥാനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലഭിക്കുന്നതിനുള്ള അർഹത ഉള്ളതിനാൽ ശ്രീ. റേനാകുമാർ കെ. ജി.-യെ 2025-ലെ വാർഷിക ഡി. പി. സി. സെലക്ട് ലിസ്റ്റിൽ 120 എ എന്ന സ്ഥാനം നൽകുന്നതിന് യോഗം തീരുമാനിച്ചു.

**2025-ലെ സെലക്റ്റ് ലിസ്റ്റ്**

| *ക്രമനമ്പർ* | *ഡെപ്യൂട്ടി തഹസിൽദാർ/ ജെ.എസ്. റാങ്ക് നമ്പർ* | *ഡെപ്യൂട്ടി തഹസിൽദാർ/ ജെ.എസ്. തീയതി* | *ഡി.ആർ.ബി.* | *ജീവനക്കാരന്റെ പേര്* | *ജനനത്തീയതി* | *റിമാർക്സ്* |
|---|---|---|---|---|---|---|
| 120 എ | 6253 | 28-12-2018 | WYD | റേനാകുമാർ കെ. ജി. | 25-5-1975 | |

ജീവൻ ബാബു കെ. ഐ.എ.എസ്.,

*കൺവീനർ,*

*വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ആന്റ്*
*കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.19 08:59:34 +05:30